"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- പുല്ലുവിള സി.എച്ച്.സി-യിൽ പുതിയ ഡയാലിസിസ് ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി തുക അനുവദിച്ചിരുന്ന ശീർഷകം തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.953/2025/PWD തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. 01.12.2021-ലെ സ.ഉ (സാധാ) നം.1070/2021/പൊ.മ.വ.
2. 25.11.2024-ലെ സ.ഉ (സാധാ) നം.1203/2024/പൊ.മ.വ.
3. ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന്റെ 06.03.2025-ലെ CEPWD-TVM/359/2023-A5-PWD നമ്പർ കത്ത്.

**ഉത്തരവ്**

പുല്ലുവിള സിഎച്ച്സി-യിൽ പുതിയ ഡയാലിസിസ് ബ്ലോക്ക് നിർമ്മാണത്തിന് 3 കോടി രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. നിലവിലെ സർക്കാർ നയ പ്രകാരം സി എച്ച് സി കളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് പരിഗണനയിലില്ലാത്തതിനാൽ ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിരുന്ന പേര് മാറ്റി പകരം 'Construction of multipurpose building for Pulluvila hospital' എന്നാക്കി മാറ്റുവാൻ ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2) പ്രകാരം പ്രവൃത്തിയുടെ പേര് "Construction of multipurpose building for Pulluvila hospital"എന്ന് പേര് മാറ്റി ഉത്തരവാക്കുകയും ചെയ്തു.

2) എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരവേ പരാമർശം (1)-ലെ ഭരണാനുമതി ഉത്തരവിൽ പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിച്ചിരുന്ന ശീർഷകം 4059-60-051-86 എന്നതിന് പകരം 4059-01-051-86 ആയി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി സീനിയർ ഫിനാൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിച്ച ശീർഷകം തിരുത്തൽ വരുത്തി 4059-60-051-86 എന്നാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചന (3) പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. List of Major & Minor Heads of Account (LMMH)ലെ നിർദ്ദേശങ്ങൾ അനുസരിച്ച്, മേജർ ഹെഡ് 4059,

പ്രവർത്തനപരമായ ഉദ്ദേശ്യ കെട്ടിടവുമായി ബന്ധപ്പെട്ട ചെലവുകളെ 'പൊതു സേവനം' എന്ന വിഭാഗത്തിന് കീഴിൽ തരംതിരിക്കുന്നതിനുള്ളതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ദേശം, ഓഫീസ് അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾക്കല്ല, മറിച്ച് ആരോഗ്യ പ്രവർത്തനങ്ങൾക്കാണ്. മൂലധന ഹെഡ് 4210 (capital account) ആണ്. അതിനാൽ, 'സാമൂഹിക സേവന'വുമായി ബന്ധപ്പെട്ട പ്രവർത്തനപരമായ ആവശ്യങ്ങൾക്കുള്ള ഒരു ചെലവിനെ മേജർ 4059 ആയി തരംതിരിക്കുന്നത് ഉചിതമല്ല, ഇത് 'പൊതു സേവനം' പ്രവർത്തനങ്ങൾക്കും അഡ്മിനിസ്ട്രേറ്റീവ്, ഓഫീസ് കെട്ടിടങ്ങൾക്കും ഉപയോഗിക്കുന്നു. പുല്ലുവിള ആശുപത്രി DHS-ന് കീഴിലുള്ള ഒരു സ്ഥാപനമായതിനാൽ, DHS-ന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4210-01-110-74-01 എന്ന ശീർഷകം നിലവിലുള്ളതാകുന്നു.2025-26ൽ ആയതിന്റെ ബഡ്ജറ്റ് പ്രൊവിഷൻ 8.24 കോടി രൂപ യാണ്. മേൽ സാഹചര്യത്തിൽ,പുല്ലുവിള സി.എച്ച്.സി-യിൽ പുതിയ ഡയാലിസിസ് ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി തുക അനുവദിച്ചിരുന്ന ശീർഷകം **"4210-01-110-74-01." എന്ന് തിരുത്തി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രശ്മി രവീന്ദ്രൻ
അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം, പൊതുമരാമത്ത് വകുപ്പ്.
ധനകാര്യ വകുപ്പ് (3125313 /I&PW-B2/132/2025-FIN dated 18.06.2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം( എ&ഇ /ഓഡിറ്റ്), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sudha B
സെക്ഷൻ ഓഫീസർ
Date: 28-06-2025 12:34:20